STEP

# Chapter Based Evaluation

**KP** **Chemistry** **Time : 45 Mnts**

**Std. 10** (പീരിയോഡിക് ടേബിളും ഇലക്ട്രോൺ വിന്യാസവും) **Score : 20**

നിർദ്ദേശങ്ങൾ

- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഏഴ് മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

**1 മുതൽ 4 വരെ 1 സ്കോർ വീതം**

1. ബന്ധംകണ്ടെത്തി പൂരിപ്പിക്കുക

   $_{20}Ca$ : 2 ,8,8,2

   $_{22}Ti$ : __________

2. തന്നിരിക്കുന്നവയിൽ നിറമില്ലാത്ത ലവണം

   ($K_2Cr_2O_7$, $KMnO_4$, $KClO_3$, $CuSO_4$)

3. എല്ലാ ഷെല്ലുകളിലും കാണപ്പെടുന്ന പൊതുവായ സബ്ഷെൽ ഏത്?

   (s, p, d, f)

4. FeO യിൽ Fe യുടെ ഓക്സീകരണാവസ്ഥ കണ്ടെത്തുക

   സൂചന ഓക്സിജന്റെ ഇലക്ട്രോൺ വിന്യാസം **$1s^2$ $2s^2$ $2p^4$**

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് 2 സ്കോർ വീതം.**

5. a) പീരിയോഡിക് ടേബിളിലെ ഏത് ബ്ലോക്കിലാണ് ആൽക്കലി ലോഹങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്

   b) ആൽക്കലി ലോഹങ്ങൾക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക

*(P.T.O)*

6. താഴെതന്നിരിക്കുന്ന ഗ്രൂപ്പുകളിൽ എതിനായിരിക്കും ഏറ്റവും കൂടിയ അയോണീകരണ ഊർജ്ജമുള്ളത്. എന്തുകൊണ്ട്?

   (1, 5, 17, 18)

7. 'd' ബ്ലോക്ക് മൂലകങ്ങൾ വ്യത്യസ്ത ഓക്സീകരണാവസ്ഥകൾ പ്രദർശിപ്പിക്കുന്ന തിനുള്ള കാരണമെഴുതുക.

**8, 9 ചോദ്യങ്ങൾക്ക് 3 സ്കോർ വീതം**

8. ഒരു മൂലകത്തിന്റെ അറ്റോമികനമ്പർ 13 ആണ്.

   a. മൂലകത്തിന്റെ സബ്ഷെൽ ഇലക്ട്രോൺവിന്യാസം എഴുതുക

   b. ഈ മൂലകത്തിന്റെ ഗ്രൂപ്പ്, പീരിയഡ് ഇവ എഴുതുക.

9. 9. " X " എന്ന മൂലകത്തിന്റെ ഇലക്ട്രോൺ വിന്യാസം താഴെകൊടുത്തിരിക്കുന്നു.

   2, 8 , 13 , 1

   a) അനുയോജ്യമായ ഉൽകൃഷ്ട മൂലകത്തിന്റെ ഇലക്ട്രോൺ വിന്യാസം ഉപയോഗിച്ച് ഈ മൂലകത്തിന്റെ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക

   b) പീരിയോഡിക് ടേബിളിലെ ഏത് ബ്ലോക്കിലാണ് ഈ മൂലകത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്

10. $A^{3+}$ അയോണിന്റെ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം തന്നിരിക്കുന്നു. (പ്രതീകം യഥാർത്ഥമല്ല)

    $1s^2$ $2s^2$ $2p^6$ $3s^2$ $3p^6$ $3d^3$

    a. A യുടെ അറ്റോമിക നമ്പർ എത്ര?

    b. A യുടെ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക?